GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/10/2026

1. റബ്ബർ ബോർഡിനു കീഴിലുള്ള നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബർ ടെയിനിങ്(എൻ.ഐ.ആർ.ടി.)-ൽ റബറുൽപ്പന്ന നിർമാണത്തെക്കുറിച്ചുള്ള 3 മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ 0481-2353127, 9497487209, 0481-

2353201 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

2. കർഷകർക്കും കാർഷിക സംരംഭങ്ങൾക്കും കാർഷിക അടിസ്ഥാന സൗകര്യ വികസന വായ്പപദ്ധതിയിലേക്ക് 2027 മാർച്ച് 31 വരെ അപേക്ഷിക്കാം. രണ്ടു കോടി രൂപവരെയുള്ള വായ്പകൾ പരമാവധി ഏഴു വർഷ കാലയളവിലേക്ക് ആറുശതമാനം പലിശ നിരക്കിൽ ലഭ്യമാകും. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ നിർമാണം, ശീതീകരണ ശൃംഖല, കാർഷിക യന്ത്രവൽക്കരണം, ഡ്രോൺ സേവന കേന്ദ്രങ്ങൾ കാർഷിക ലോജിസ്റ്റിക്സ് തുടങ്ങിയ പദ്ധതികൾക്ക് ധനസ ഹായം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.agriinfra.dac.gov.in. എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ 8921540233 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ / കേന്ദ്രങ്ങളിൽ ആർ എഫ് രീതിയിൽ നടത്തപ്പെടുന്ന യു.ജി. പ്രോഗ്രാമുകളുടെ NRI കാട്ട സീറ്റുകളിലേക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തിയ്യതി 31.10.2026 വരെ നീട്ടിയിരിക്കുന്നു. യോഗ്യത, പ്രവേശന രീതി, ഫീസ് തുടങ്ങിയ വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ് പോർട്ടൽ

സന്ദർശിക്കുക. കൂടുതൽ അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പരിൽ ഓഫീസ് സമയത്ത് (രാവിലെ 10 മുതൽ വൈകിട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒക്ടോബർ 23ന് **'പുരയിട കൃഷി - ആരോഗ്യത്തിനും ആദായത്തിനും'** എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 500/- രൂപ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 23 മുതൽ 31 വരെ 10 ദിവസങ്ങളിലായി "ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന" പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്കും ക്ഷീരസംരംഭകർക്കും ഓച്ചിറ പരിശീലനകേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടിഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കായി പരിശീലനം പരിമിതപ്പെടുത്തിയിരിക്കുന്നു. പരിശീലനാർത്ഥികൾ ഒക്ടോബർ 22 ന് വൈകുന്നേരം 5 മണിക്ക് മുൻപായി രജിസ്റ്റർ

ചെയ്യേണ്ടതാണ്. പരിശീലനത്തിന് എത്തുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9645922324, 8593025639, 0476-2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.